# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 336

08.02.2016-ൽ മറുപടിയ്ക്ക്

### സഞ്ജീവനി ഔഷധ സസ്യതോട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പിന്റെ അധീനതയിലുള്ള സഞ്ജീവനി വനം എന്ന ഔഷധ സസ്യ തോട്ടത്തിന്റെ പരിപാലന ത്തിന് എന്തൊക്കെ ഫണ്ടുകളാണ് വിനിയോഗിക്കുന്നതെന്നും എന്ത് പരിപാലനപ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാ ക്കുമോ; ടി ഔഷധ സസ്യതോട്ടം ഇപ്പോൾ നാശത്തിന്റെ വക്കിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് സംരക്ഷിക്ക ന്നതിന് നടപടികൾ സ്വീകരിക്കുമോ ; കൂടുതൽ സസ്യങ്ങൾ വച്ചുപിടിപ്പിക്ക ന്നതിനും അത് സംരക്ഷിക്കുന്നതിനും പ്രോജക്ട് തയ്യാറാക്കുമോ; | എ) 1988- ലെ ലോകബാങ്ക് സഹായത്തോടെ കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയ്ക്ക് സമീപം 18.8 ഹെക്ടറിൽ സഞ്ജീവനി വനം ഔഷധ സസ്യതോട്ടം സ്ഥാപിച്ചിട്ടുണ്ട്. ഔഷധ സസ്യതോട്ടങ്ങളുടെ പ്രചാരണവും, സംരക്ഷണവും ലക്ഷ്യമാക്കിയാണ് ടി ഔഷധ സസ്യതോട്ടം നിർമ്മിച്ചിട്ടുള്ളത്. ടി തോട്ടത്തിന്റെ ദൈനംദിന പരിചരണത്തിനും , സംരക്ഷണത്തിനുമായി ഇപ്പോൾ വാച്ചറുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.<br><br>ഔഷധ സസ്യങ്ങളുടെ തൈകൾ ഉൽപാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും, ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും, ഔഷധ സസ്യ തോട്ടത്തിനു ചുറ്റും സൗരോർജ്ജവേലി കെട്ടി സംരക്ഷിക്കുന്നതിനും ഔഷധ സസ്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന തിനും ദിനപരിചരണത്തിനായി ഒരു വാച്ചറുടെ സേവനം തുടർന്നും ഉപയോഗപ്പെടുത്തുന്നതിനുമായി 30 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത ഔഷധ സസ്യതോട്ടത്തിന് ബജറ്റിൽ പ്രത്യേക ഫണ്ട് നീക്കി വെച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) സഞ്ജീവനി വനം ഔഷധ സസ്യ തോട്ടത്തിന്റെ പരിചരണത്തിനായി പ്രത്യേകമായി ഇപ്പോൾ ഫണ്ട് നീക്കിവെച്ചിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| സി) | ആയുർവേദ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രസ്തുത കേന്ദ്രം ഒരു സുപ്രധാന ഗവേഷണ കേന്ദ്രമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ : | സി) | സഞ്ജീവനി വനം ഔഷധ സസ്യ തോട്ടം ഗവേഷണം കേന്ദ്രമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ